സമുദായത്തിൽപെട്ട വിവിധ സംഘടനാ പ്രതിനിധികളുടേയും എം. എൽ. എ. മാരുടേയും ഒരു മെമ്മോറാണ്ടം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) : (എ) (ബി) അങ്ങിനെ ഒരു നിവേദനം കിട്ടിയിട്ടില്ല. എന്നാൽ ചില സംഘടനകളിൽനിന്നും വിദ്യാർത്ഥികളിൽനിന്നും സ്റ്റെപ്പൻറ് കൂട്ടികിട്ടണമെന്നു കാണിച്ചു നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. അവ ഗവണ്മെൻറിൻെറ പരിഗണയിൽ ഇരിക്കുകയാണു്.

വിമാനത്താവളം

*ക്രമ. (൫൭) ശ്രീ. എസ്സ്. ശിവരാമനാചാരി : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

വിമാനം മൂലം ഉള്ള ഗതാഗത സൗകര്യത്തിനു കൊല്ലത്തെ വിമാനത്താവളം കൂടി ഉപയോഗയോഗ്യമാക്കിത്തീർക്കാൻ ആലോചന ഉണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള) : ഇല്ല.

പൊഴി

*ക്രമ ൮. (൫൯) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പരവൂർ പൊഴിയിൽ നെൽകൃഷിക്കു് ഉപയുക്തമായ നിലയിൽ ഒരു ചീപ്പു് കെട്ടുന്നതിനു് ഗവണ്മെൻറിൽ നിന്നും സ്കീം തയാറാക്കിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു എന്നു നടപ്പാക്കാൻ ഉദ്ദേശിക്കുന്നു;

(സി) പ്രസ്തുത ചീപ്പു് എതെല്ലാം പകുതികളിലെ നെൽകൃഷിക്കു് ഉപയുക്തമാക്കാൻ ഉദ്ദേശിക്കുന്നു?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര) : (എ) ഈ സ്കീം സംബന്ധിച്ചു് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടു്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും എസ്റ്റിമേറ്റും കിട്ടിയിട്ടില്ല.

(ബി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(സി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടു കിട്ടിയതിനുശേഷമെ തീരുമാനിക്കാൻ നിവൃത്തിയുള്ളൂ.

തിലോച്ചിറ

ക്രമ ൯. (൫൪) ശ്രീ. എൻ. വി. ചാക്കൊ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

അയ്യൂരനാടു് പകുതി പരിയാരം കരയിൽ സർവ്വെ നമ്പർ ക/൯൭ തിലോച്ചിറ കൃഷിയുടെ ആവശ്യത്തിനും കന്നുകാലികൾക്കു കുടിക്കുന്നതിനും മറ്റുമായി വെള്ളം കിട്ടേണ്ടതിലേക്കു് നന്നാക്കണമെന്നുകാണിച്ചു് എസ്സ്. എൻ. ഡി. പി. ശാഖാ സിക്രട്ടറി ശ്രീ. എ. പി. കുഞ്ഞു ക൯൪ ക ജൂലായ് വ്യാഴം പൊതു യോഗ നിശ്ചയമായും മറ്റും ഗവണ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര) : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly